**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**
**തീയതി 31.07.2024**

# "വ്യാജ രേഖയുണ്ടാക്കി പണാപഹരണം നടത്തിയതിന് മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ 12 വർഷം കഠിന തടവിന് ശിക്ഷിച്ചു."

കോട്ടയം ജില്ലയിലെ കാണക്കാരി മുൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായ ബാലകൃഷ്ണ വാര്യരെ വ്യാജ രേഖയുണ്ടാക്കി പണാപഹരണം നടത്തിയതിന് രണ്ട് കേസ്സുകളിലായി ആകെ 12 വർഷം കഠിന തടവിനും 1,30,000/- രൂപ പിഴ ഒടുക്കുന്നതിനും ഇന്ന് (31/07/2024) കോട്ടയം വിജിലൻസ് കോടതി ശിക്ഷിച്ചു.

2005 ആഗസ്റ്റ് മുതൽ 2006 സെപ്റ്റംബർ വരെയുള്ള രണ്ട് സാമ്പത്തിക വർഷങ്ങളിൽ കാണക്കാരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ബാലകൃഷ്ണ വാര്യർ, വ്യാജ രേഖകളുണ്ടാക്കി കാണക്കാരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ സമർപ്പിച്ച് ആകെ 1,20,958/- രൂപ സ്വന്തം പേരിൽ മാറിയെടുത്തതിലേക്ക് കോട്ടയം വിജിലൻസ് യൂണിറ്റ് രജിസ്റ്റർ ചെയ്ത്, അന്വേഷണം നടത്തി, കുറ്റപത്രം നൽകിയ രണ്ട് കേസ്സുകളിലാണ് ഇന്ന് (31/07/2024) ശിക്ഷ വിധിച്ചത്. രണ്ട് സാമ്പത്തിക വർഷങ്ങളിൽ നടന്ന ക്രമക്കേട് ആയതിനാൽ വിജിലൻസ് നൽകിയ രണ്ട് കേസ്സുകളിലും ബാലകൃഷ്ണ വാര്യർ കുറ്റക്കാരനാണെന്ന് വിജിലൻസ് കോടതി കണ്ടെത്തിയിട്ടുള്ളതാകുന്നു. രണ്ട് കേസ്സുകളിലായി, വിവിധ വകുപ്പുകളിലായി ആകെ 12 വർഷം വീതം കഠിന തടവിനും ആകെ 1,30,000/- രൂപ പിഴ ഒടുക്കുന്നതിനുമാണ് കോട്ടയം വിജിലൻസ് കോടതി പ്രതിയായ ബാലകൃഷ്ണ വാര്യരെ ശിക്ഷിച്ചത്. ശിക്ഷ ഒന്നിച്ച് അനുഭവിച്ചാൽ മതിയെന്നും വിധിന്യായത്തിൽ പറയുന്നു.

കോട്ടയം വിജിലൻസ് മുൻ ഡി.വൈ.എസ്.പി ശ്രീ. കൃഷ്ണ കുമാർ.പി രജിസ്റ്റർ ചെയ്ത്, മുൻ ഇൻസ്പെക്ടറായിരുന്ന ശ്രീ. പയസ് ജോർജ്ജ്

അന്വേഷണം നടത്തി, ശ്രീ. കൃഷ്ണ കുമാർ.പി തന്നെ കുറ്റപത്രം സമർപ്പിച്ച കേസ്സുകളിലാണ് പ്രതിയായ ബാലകൃഷ്ണ വാര്യർ കുറ്റക്കാരനാണെന്ന് കോടതി കണ്ടെത്തിയത്.

പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. ശ്രീകാന്ത് കെ.കെ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.